# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1330 | 08.02.2013 ൽ - മറുപടിക്ക്

### എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങൾക്കും അന്ത്യോദയ, അന്നപൂർണ്ണ പദ്ധതി പ്രകാരവും സംസ്ഥാനത്ത് അരി ലഭിക്കുന്നവരുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എ. പി .എൽ, ബി . പി . എൽ കാർഡുടമകളുടെ എണ്ണം എത്ര; | (എ) സംസ്ഥാനത്ത് 31.01.2013 ലെ കണക്കുകൾ പ്രകാരം 59,71,499 എ.പി.എൽ. കാർഡുടമകളും 14,58,231 ബി.പി.എൽ. കാർഡുടമകളും 5,90,795 എ.എ.വൈ. കാർഡുടമകളും നിലവിലുണ്ട്. |
| (ബി) എ. പി.എൽ കാർഡുടമകൾക്ക് റേഷൻ കടകൾ വഴി നൽകുന്ന നിത്യോപയോഗസാധനങ്ങൾ എന്തെല്ലാമാണ്; അവയുടെ അളവ് എത്ര വീതമാണ് | (ബി) എ.പി.എൽ. കാർഡുടമകൾക്ക് റേഷൻകടകൾ വഴി അരി, ഗോതമ്പ്, ഫോർട്ടിഫൈഡ് ആട്ട, മണ്ണെണ്ണ എന്നിവ അനുവദിക്കുന്നു. കൂടാതെ ഓണം, ക്രിസ്തുമസ് എന്നീ ഉത്സവ സീസണുകളിൽ സ്പെഷ്യൽ പഞ്ചസാരയും അനുവദിക്കാറുണ്ട്. സബ്സിഡി വിഭാഗത്തിൽ പ്പെട്ട കാർഡുകൾക്ക് 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും സബ്സിഡി വിഭാഗത്തിൽപ്പെടാത്ത കാർഡുകൾക്ക് 10 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പും അനുവദിച്ചു വരുന്നു. രണ്ടു കിലോഗ്രാം ഫോർട്ടിഫൈഡ് ആട്ട എ.പി.എൽ. വിഭാഗത്തിന് അനുവദിക്കുന്നു. 2013 ഫെബ്രുവരി മാസത്തിൽ വൈദ്യുതീകരിച്ച വീടുള്ളവർക്ക് 1 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് 4 ലിറ്ററും മണ്ണെണ്ണ അനുവദിക്കുന്നു. |
| (സി) ബി. പി. എൽ കാർക്ക് റേഷൻ കടവഴി നൽകുന്ന നിത്യോപയോഗ സാധനങ്ങൾ എന്തെല്ലാം; അവയുടെ അളവ് എത്ര വീതമാണ് ; | (സി) ബി.പി.എൽ. കാർഡുടമകൾക്ക് റേഷൻകടകൾ വഴി അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര എന്നിവ അനുവദിക്കുന്നു.<br><br>2013 ഫെബ്രുവരിയിൽ ബി.പി.എൽ. കാർഡുകൾക്ക് 25 കിലോഗ്രാം അരിയും 10 കിലോഗ്രാം ഗോതമ്പും അനുവദിച്ചു വരുന്നു. കാർഡിലെ ഓരോ അംഗത്തിനും 400 കിലോഗ്രാം ഗോതമ്പും അനുവദിച്ചു വരുന്നു. 2013 ഫെബ്രുവരി മാസത്തിൽ വൈദ്യുതീകരിച്ച വീടുള്ളവർക്ക് 1 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുള്ളവർക്ക് 4 ലിറ്ററും മണ്ണെണ്ണ അനുവദിക്കുന്നു. 5 കിലോഗ്രാം അരി 6.20 രൂപ നിരക്കിലും 2 കിലോ ഗോതമ്പ് 4.70 രൂപ നിരക്കിലും അധികമായി അനുവദിക്കുന്നു. |

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നാളിതുവരെയും ബി.പി.എൽ. കാർഡുകൾ ലഭിച്ചിട്ടില്ലാത്തതുമായ എ.പി.എൽ. കാർഡുടമകൾക്ക് റേഷൻകാർഡിലെ 3-ാം പേജിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 25 കിലോഗ്രാം ഭക്ഷ്യ ധാന്യങ്ങൾ (19 കിലോഗ്രാം അരിയും 6 കിലോഗ്രാം ഗോതമ്പും) 4 മാസത്തേക്ക് അധികമായി വിതരണം ചെയ്യുന്നു. നിലവിൽ ലഭിക്കുന്ന വിഹിതത്തിനു പുറമേയാണിത്.

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് ഒരു രൂപയ്ക്കും രണ്ട് രൂപയ്ക്കും നൽകുന്ന അരി എത്ര കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട് ; ഇതിൽ എത്ര കുടുംബങ്ങൾക്ക് ഈ അരി നൽകുന്നുണ്ട്; എത്ര അളവിലാണ് നൽകുന്നത് ; | (ഡി) | കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ ബി.പി.എൽ./എ.എ.വൈ വിഭാഗങ്ങളിൽപ്പെട്ട 20,49,026 കുടുംബങ്ങൾക്ക് അരി അനുവദിച്ചു വരുന്നുണ്ട്. എ.പി.എൽ. (സബ്സിഡി) വിഭാഗത്തിൽപ്പെട്ട 42,20,040 കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി അനുവദിച്ച് വിതരണം ചെയ്തു വരുന്നു. ബി.പി.എൽ. വിഭാഗത്തിന് 25 കിലോഗ്രാം അരിയും എ.എ.വൈ. വിഭാഗത്തിന് 35 കിലോഗ്രാം അരിയും എ.പി.എൽ. (സബ്സിഡി) വിഭാഗത്തിന് 9 കിലോഗ്രാം അരിയും അനുവദിച്ചു വരുന്നു. |
| (ഇ) | അന്ത്യോദയ, അന്നപൂർണ്ണ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്രപേർക്ക് അരി നൽകുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | 5,90,795 എ.എ.വൈ. ഗുണഭോക്താക്കൾക്കും 31,319 അന്നപ്പൂർണ്ണ ഗുണഭോക്താക്കൾക്കും അരി വിതരണം ചെയ്തു വരുന്നു. |

പ്രതിമാസം 35 കിലോഗ്രാം അരിയാണ് കേരളത്തിൽ എ.എ.വൈ. കുടുംബങ്ങൾക്ക് അനുവദിച്ചു വരുന്നത്. കിലോഗ്രാമിന് 3/- രൂപ നിരക്കിലാണ് അരി കേന്ദ്രം അനുവദിക്കുന്നത്. സംസ്ഥാന സർക്കാർ അധിക സബ്സിഡി നൽകി 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. 2011 സെപ്റ്റംബർ 1 മുതലാണ് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്തു തുടങ്ങിയത്. സംസ്ഥാനത്തിന് പ്രതിമാസം 20,855 മെ.ടൺ അരിയാണ് കേന്ദ്രം അനുവദിക്കുന്നത്. എ.എ.വൈ. അരി 1/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിനായി സബ്സിഡിയിനത്തിൽ സംസ്ഥാനം പ്രതിമാസം 4,17,10,000/- രൂപ ചെലവഴിച്ചു വരുന്നു.

അന്നപ്പൂർണ്ണ പദ്ധതി പ്രകാരം ഒരു കാർഡുടമയ്ക്ക് 10 കിലോഗ്രാം അരി സൗജന്യമായി നൽകിവരുന്നു. ഇതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 2,700 മെ.ടൺ അരിയും കൈകാര്യചെലവുകൾക്കായി 334 ലക്ഷം രൂപയും (കേന്ദ്ര വിഹിതമായി 280 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 54 ലക്ഷം രൂപയും) അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ